## വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ

(ഹാജർ. വി . വിഘ്നേശ്വരി .ഐ.എ.എസ് )

വിഷയം:- വനിത ശിശു വികസന വകുപ്പ്- ഐ.സി.ഡി.എസ്. SNA –SPARSH -അങ്കണവാടി സർവീസസ്(ജനറൽ ) – KL 247 –അങ്കണവാടി പ്രവർത്തകരുടെ ഹോണറേറിയം - **അങ്കണവാടി വർക്കർമാർക്ക്** 2 0 2 6 ജൂൺ(2026 ജൂലായ് മാസം ചെലവഴിക്കുന്നത്)- കേന്ദ്രവിഹിതവും ആനുപാതിക സംസ്ഥാന വിഹിതവും - അനുവദിച്ചുത്തരവാകുന്നു.

പരാമർശം:

1. കേന്ദ്ര സർക്കാരിന്റെ 14/10/2025 ലെ CDII/21/02/2025CD-II നമ്പർ കത്ത്
2. കേന്ദ്ര സർക്കാരിന്റെ 10/04/2026 ലെ CD-II-14/6/2026-CD-II നമ്പർ കത്ത്
3. കേന്ദ്ര സർക്കാരിന്റെ 23/05/2026 ലെ CD-II-14/6/2026-CD-II നമ്പർ കത്ത്
4. DWCD/361/2026-ICDSB6 തീയതി : 02/07/2026
5. കേന്ദ്ര സർക്കാരിന്റെ 20/06/2026 ലെ CD-II-14/B/2026-CD II നമ്പർ കത്ത്

**<u>ഉത്തരവ് നം: DWCD/361/2026-ICDSB6 തീയതി: 21-07-2026</u>**

വനിതാ ശിശു വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന കേന്ദ്രാ വിഷ്കൃത പദ്ധതിയായ സംയോജിത ശിശു വികസന സേവന പദ്ധതി, സക്ഷം അങ്കണവാടി & പോഷൻ അഭിയാൻ 2.0 അംബ്രല്ല പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളതിനാൽ SNA –SPARSH മൊഡ്യൂൾ മുഖേന നടപ്പിലാക്കുന്നതിന് പരമാർശം (1) പ്രകാരം കേന്ദ്ര സർക്കാർ നിർദേശിച്ചിട്ടുണ്ട് . ആയതിന്റെ അടിസ്ഥാനത്തിൽ 2025-26 സാമ്പത്തിക വർഷം മുതൽ സക്ഷം അങ്കണവാടി & പോഷൻ അഭിയാൻ 2.0 അംബ്രല്ല പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള കേന്ദ്രാ വിഷ്കൃത പദ്ധതിയായ അങ്കണവാടി സർവീസസ് ( ജനറൽ ) –KL 247 പദ്ധതിക്കായി RBI - ൽ അക്കൗണ്ട് (Account No: 01585701218) ആരംഭിക്കുകയും SNA –SPARSH Module ൽ പദ്ധതി Map ചെയ്തിട്ടുമുണ്ട് .

2026-27 സാമ്പത്തിക വർഷം അങ്കണവാടി സർവീസസ് (ജനറൽ ) പദ്ധതിയുടെ ഒന്നാം ഘട്ട കേന്ദ്ര റിലീസ് ആയി 1790 ലക്ഷം രൂപ അനുവദിച്ചുകൊണ്ടുള്ള ടോക്കൺ മദർ സാങ്ഷൻ പരാമർശം (2) പ്രകാരം ലഭ്യമായിട്ടുണ്ട് . 2026-27 സാമ്പത്തിക വർഷം 2235-02-102-18-02 എന്ന ശീർഷകത്തിൽ 13800 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പരാമർശം (3) പ്രകാരം മദർ സാങ്ഷൻ ആയി 3577.62 ലക്ഷം രൂപ കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ട്. . 2026 -27 വർഷത്തിൽ കേന്ദ്ര വിഹിത ഹോണറെറിയം നൽകുന്നതിനായി നാളിതു വരെ ആകെ 74,13,72,972/- രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്.

വകുപ്പിനു കീഴിൽ 14 ജില്ലകളിലായി പ്രവർത്തിക്കുന്ന അങ്കണവാടികളിലെ പ്രവർത്തകർക്ക് 2026 ജൂൺ മാസത്തെ ഹോണറേറിയം നൽകുന്നതിന് ആവശ്യമായ തുക അവശേഷിക്കുന്നില്ല എന്നതിനാൽ നീക്കിയിരിപ്പ് ഉണ്ടായിരുന്ന തുകയിൽ നിന്നും അങ്കണവാടി ഹെൽപ്പർമാർക്ക് 2026 ജൂൺ മാസത്തെ ഹോണറേറിയം (2026 ജൂലായ് മാസം ചെലവഴിക്കുന്നത്) പരാമർശം (4)

പ്രകാരം അനുവദിച്ചിട്ടുണ്ട്.

കേന്ദ്ര സർക്കാർ പരാമർശം (5) പ്രകാരം മദർ സാങ്ഷൻ ആയി 5747.54 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

മേൽസാഹചര്യത്തിൽ 14 ജില്ലകളിലെ **അങ്കണവാടി വർക്കർമാർക്ക്** 2026 ജൂൺ മാസത്തെ (2026 ജൂലായ് മാസം ചെലവഴിക്കുന്നത്) ഹോണറേറിയം നൽകുന്നതിനായി 60% കേന്ദ്ര വിഹിതവും 40% ആനുപാതിക സംസ്ഥാന വിഹിതവും ചേർത്ത് ആവശ്യമായ 14,90,40,000/- രൂപ (പതിനാല് കോടി തൊണ്ണൂറ് ലക്ഷത്തി നാൽപതിനായിരം രൂപ മാത്രം) ചുവടെ ചേർക്കും പ്രകാരം 14 ജില്ലാ വനിതാ ശിശു വികസന ആഫീസർമാർക്ക് നടപ്പ് സാമ്പത്തിക വർഷത്തെ 2235-02-102-18-02 ശീർഷകത്തിൽ നിന്നും അങ്കണവാടി സർവീസസ് ( ജനറൽ ) പദ്ധതിയിലെ ഒരു കംപോണൻറ് ആയ ഹോണറേറിയം SNA-SPARSH Module മുഖേന അനുവദിച്ചുത്തരവാകുന്നു. പ്രസ്തുത തുകയിൽ 8,94,24,000/- രൂപ കേന്ദ്രവിഹിതവും 5,96,16,000/- രൂപ സംസ്ഥാന വിഹിതവുമാണ്.

| ക്രമ നം. | ജില്ല | അങ്കണവാടികളുടെ എണ്ണം | വർക്കർ (Scheme Component: [02.01]AWW[KL]) |
|---|---|---|---|
| 1 | തിരുവനന്തപുരം | 3061 | 13774500 |
| 2 | കൊല്ലം | 2723 | 12253500 |
| 3 | പത്തനംതിട്ട | 1389 | 6250500 |
| 4 | ആലപ്പുഴ | 2150 | 9675000 |
| 5 | കോട്ടയം | 2050 | 9225000 |
| 6 | ഇടുക്കി | 1561 | 7024500 |
| 7 | എറണാംകുളം | 2858 | 12861000 |
| 8 | തൃശ്ശൂർ | 3016 | 13572000 |
| 9 | പാലക്കാട് | 2838 | 12771000 |
| 10 | മലപ്പുറം | 3808 | 17136000 |
| 11 | വയനാട് | 876 | 3942000 |
| 12 | കോഴിക്കോട് | 2938 | 13221000 |
| 13 | കണ്ണൂർ | 2504 | 11268000 |
| 14 | കാസർഗോഡ് | 1348 | 6066000 |
| | **ആകെ** | 33120 | 149040000 |

ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർ ICDS ആഫീസുകൾക്ക് കീഴിൽ പ്രവർത്തിക്കുന്ന അങ്കണവാടികളുടെ എണ്ണത്തിന് ആനുപാതികമായി (Anganwadi Anganwadi Worker @ Rs.4500) BAMS System മുഖേന ശിശുവികസന പദ്ധതി ആഫീസർമാർക്ക് അനുവദിച്ച് നൽകേണ്ടതാണ്. ശിശുവികസന പദ്ധതി ആഫീസർമാർ അനുവദനീയമായ ഹോണറേറിയം തുക അങ്കണവാടി വർക്കർമാരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് SNA-SPARSH module മുഖേന ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത് നല്കേണ്ടതാണ്.

ഇത്തരത്തില് അനുവദിക്കുന്ന തുക അങ്കണവാടി വർക്കർമാർക്ക് [02.01]AWW[KL]) എന്ന കോംപണന്റ് മുഖേനയാണ് മാറി നൽകുന്നത് എന്ന് ബന്ധപ്പെട്ട ശിശുവികസന പദ്ധതി ആഫീസർമാർ ഉറപ്പ വരുത്തേണ്ടതാണ്.

V. VIGNESHWARI. IAS

വനിത ശിശു വികസന ഡയറക്ടർ

ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർക്ക്

പകർപ്പ് :

1. സൂപ്രണ്ട് അക്കൗണ്ട്സ് സെക്ഷൻ
2. ICDS A സെക്ഷൻ
3. എല്ലാ പ്രോഗ്രാം ഓഫീസർമാർക്ക്
4. വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്